# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 572

12.06.2012 ൽ
മറുപടിക്ക്

## ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ):

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(ബഹു: വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) 2001-2006 കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയുണ്ടായെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(എ) മുൻകാലങ്ങളിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ സർക്കാർ ഉത്തരവു പ്രകാരവും, BIFR തീരുമാനപ്രകാരവും പ്രവർത്തനം നിർത്തലാക്കിയവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്.
2. കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ്.
3. കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്
4. സിഡ്കെൽ ടെലിവിഷൻസ് ലിമിറ്റഡ്.
5. ട്രിവാൻട്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.
6. കേരള സോപ്സ് & ഓയിൽസ് ലിമിറ്റഡ്.
7. കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്.
8. മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്.
9. കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ്
10. മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ് ഓഫ് കെ.എസ്.റ്റി.സി.

മേൽപ്പറഞ്ഞവ കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലും ഉൽപ്പാദന പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയായിരുന്നു.

1. ആസ്ട്രൽ വാച്ചെസ് ലിമിറ്റഡ്
2. കേരള സ്റ്റേറ്റ് ഡിറ്റർജെന്റ്സ് & കെമിക്കൽസ് ലിമിറ്റഡ്
3. കേരള സ്റ്റേറ്റ്സ് സാലിസിലേറ്റ്സ് & കെമിക്കൽസ് ലിമിറ്റഡ്
4. ദി കോപ്പറേറ്റീവ് ഷുഗേർസ് ലിമിറ്റഡ്, ചിറ്റൂർ
5. ദി മന്നം ഷുഗർ മിൽസ് കോപ്പറേറ്റീവ് ലിമിറ്റഡ്
6. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്
7. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്റ്റ് ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡ്
8. കേരള ഗാർമെന്റ്സ് ലിമിറ്റഡ്
9. സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്
10. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്

(ബി) 2006-2011 കാലഘട്ടത്തിൽ ഇവയിൽ എത്ര എണ്ണം തുറന്നു പ്രവർത്തിപ്പിച്ചുവെന്നും ഈ കാലഘട്ടത്തിൽ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) 2006-2011 കാലഘട്ടത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തനമില്ലാതെ കിടന്നിരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ പുന:രാരംഭിക്കുവാൻ കഴിഞ്ഞവയുടെ വിവരം ചുവടെ ചേർക്കുന്നു.

1) കെ.എസ്.റ്റി.സി.യുടെ അധീനതയിലുള്ള മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ് തുറന്നുപ്രവർത്തിച്ചു.

2. ട്രിവാൻട്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end Spinning Mill യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

3. കേരള സോപ്സ് & ഓയിൽസ് ലിമിറ്റഡിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് കെ.എസ്.ഐ.ഇ.യുടെ അധീനതയിൽ പ്രവർത്തനം ആരംഭിച്ചു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 36 പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം നടത്തിയതിൽ 2010-11 ലെ കമ്പനികൾ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 19 സ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിച്ചത്.

(സി) 2012 മെയ് 31-ാം തീയതിയിലെ കണക്ക് പ്രകാരം നിലവിൽ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ?

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2012 മേയ് മാസത്തെ പ്രവർത്തനം സംബന്ധിച്ച് കമ്പനികൾ സമർപ്പിച്ച Performance Reports വിലയിരുത്തി കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ